പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

28.02.2018 -ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ. *70

## വ്യവസായബന്ധ സമിതികൾ തൊഴിലാളി സൗഹൃദമാക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കെ. ദാസൻ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.കെ. ആൻസലൻ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) കേന്ദ്രത്തിന്റെ തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെ കക്ഷി രാഷ്ട്രീയ ഭേദമന്യേ ട്രേഡ് യൂണിയനുകൾ പ്രതിഷേധം ഉയർത്തുന്ന സാഹചര്യത്തിൽ, സംസ്ഥാനത്ത് തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കാനും സേവന വേതന വ്യവസ്ഥകൾ തൊഴിലാളികൾക്ക് പ്രതികൂലമാകാതിരിക്കാനും ചെയ്യുന്ന കാര്യങ്ങൾ വിശദമാക്കാമോ; | എ) കേന്ദ്ര സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മാതൃകാ ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ്സ് ബിൽ 2015, ലേബർ കോഡ് ഓൺ വേജസ് എന്ന കേന്ദ്ര സർക്കാറിന്റെ ബില്ല്, ലേബർ കോഡ് ഓൺ ഇൻഡസ്ട്രിയൽ റിലേഷൻസ് ബില്ല് എന്നിവയിലെ ചില വ്യവസ്ഥകൾ സംസ്ഥാനത്തെ നിലവിലുള്ള തൊഴിൽ സുരക്ഷ ഇല്ലാതാക്കുവാനുള്ള സാധ്യത ചൂണ്ടിക്കാട്ടി . സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| ബി) വ്യവസായ സൗഹൃദ സാഹചര്യം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി തൊഴിൽ സംസ്കാരത്തിൽ കാലാനുസൃതമായി അനിവാര്യ മാറ്റങ്ങൾ നടപ്പിലാക്കേണ്ടി വരുമ്പോൾ, വ്യവസായബന്ധ സമിതികളെ കാര്യക്ഷമമാക്കിക്കൊണ്ട് അവ തൊഴിലാളി സൗഹൃദപരമായിരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പൊതുവായ വ്യവസായ അന്തരീക്ഷം സൗഹൃദവും കാര്യക്ഷമവുമാക്കുന്നതിനുമായി ബഹു.തൊഴിൽ വകുപ്പ് മന്ത്രി ചെയർമാനും ബഹു.വ്യവസായ വകുപ്പ് മന്ത്രി, ബഹു.കൃഷി വകുപ്പ് മന്ത്രി എന്നിവർ കോ-ചെയർമാൻമാരായും വ്യവസായ ബന്ധസമിതി ബോർഡ് പുനസംഘടിപ്പിച്ചിട്ടുണ്ട്. തോട്ടം മേഖലകളിലെ വിഷയങ്ങൾ സൗഹാർദ്ദപരമായും രമ്യമായും പരിഹരിക്കുന്നതിനായി പ്ലാന്റേഷൻ ലേബർ കമ്മിറ്റിയും ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായ പ്ലാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റിയും പുനഃസംഘടിപ്പിച്ചിട്ടുമുണ്ട്. കൂടാതെ, ടി മേഖലയിലെ പ്ലാന്റേഷൻ ഹൗസിംഗ് അഡ്വൈസറി ബോർഡും, പ്ലാന്റേഷൻ മെഡിക്കൽ അഡ്വൈസറി ബോർഡും |

| | |
|---|---|
| | പുനഃസംഘടിപ്പിച്ചിട്ടുമുണ്ട്. കയർ, കശുവണ്ടി , കള്ള് തുടങ്ങിയ പരമ്പരാഗത മേഖലകളിലും കുട്ടനാട് കാർഷിക മേഖലയിലും ടെക്സ്റ്റൈൽ, സിവിൽ സപ്ലൈസ്, മോട്ടോർ ട്രാൻസ്പോർട്ട് സ്വകാര്യ ആശുപത്രി തുടങ്ങിയ മേഖലകളിലും വ്യവസായ ബന്ധസമിതി പ്രവർത്തിക്കുന്നുമുണ്ട്. പത്രപ്രവർത്തന മേഖലയിൽ പുതുതായി വ്യവസായ ബന്ധസമിതി രൂപീകരിച്ചിട്ടുമുണ്ട്. |
| സി) വ്യവസായബന്ധ സമിതികളുടെ പ്രവർത്തനം ഐ.ടി., മത്സ്യസംസ്കരണം തുടങ്ങിയ കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുമോ; വിശദമാക്കുമോ? | സി) പരിശോധിക്കുന്നതാണ്. |

Sreeules

**സെക്ഷൻ ഓഫീസർ**